

# മഴവില്ലിൻ കൈകൾ നീട്ടുമ്പോൾ

ഡിജിറ്റൽ മാഗസിൻ

2k19-2k20



# മഴവില്ലിൻ കൈകൾ നീട്ടുമ്പോൾ

## ഡിജിറ്റൽ മാഗസിൻ

**2k19-2k20**

## അറവുകാട് ഹൈസ്കൂൾ

## പുന്നപ്ര

## ആലപ്പുഴ

## ഉള്ളടക്കം


ആമുഖം....4
സന്ദേശം....5
ചരിത്രം....11
പത്രാധിപ സമിതി....13
സമർപ്പണം....14
എന്റെ വിദ്യാലയം....15
ഗുരു....16
നിലാവെളിച്ചം....17
നക്ഷത്രം....18
പ്രകൃതി സുന്ദരി....19
അടങ്ങാത്തൊരീ കടൽ....20
കാത്തിരിപ്പ്....22
ഒരു കുഞ്ഞ് പൂവിന്റെ ആത്മഗതം....23
മഴത്തുള്ളി....24
കാലം സാക്ഷി....25
अरवुकाड़ अम्मा....27
ഏകാന്തത....28
സുഹൃത് ബന്ധത്തിന്റെ മഹിമ....31
അമ്മ....32
തെരുവ്....34
ഓർമ്മത്തുള്ളി....35
മാതൃഭാഷയുടെ പ്രാധാന്യം....37
പ്രളയം പകർന്ന പാഠങ്ങൾ....38
മഹാത്മാഗാന്ധി എന്ന മഹാഗുരു....40
കേരളം എന്ന പേരിന്റെ പിന്നിൽ....41
കമ്പ്യൂട്ടർ വിദ്യാഭ്യാസം....43
NEWTON’S EXPERIMENT WITH FEATHER AND COIN....44
Life....45
ദൂരം പറയാം....46
ഗാന്ധിജയന്തി വാരാചരണം....47
പ്രകൃതിയിലെ ഗണിത രൂപങ്ങൾ....48
ഫോട്ടോ ഗാലറി....49
ലിറ്റിൽ കൈറ്റ്സ് 2018-19....51
ലിറ്റിൽ കൈറ്റ്സ് 2019-20....52
നന്ദിയോടെ....53

# ആമുഖം

ഈ ലോകം മുഴുവൻ ഒരു വിരൽത്തുമ്പിലൂടെ മുഖാമുഖം കാണാൻ കഴിയുന്ന ഒരു തലമുറയിലേക്കുള്ള കാൽവെപ്പ് ........ ബ്ലഗിൾ എന്ന മാന്ത്രികവലയത്തിലൂടെ നമുക്ക് സൃഷ്ടിക്കാൻ കഴിയുന്നത് ചിന്തകൾക്കുമപ്പുറം മറ്റൊരു മാന്ത്രിക ലോകത്തെ ആണ്. അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ ആണ് നാം ജീവിക്കുന്നത്.വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ അസാധ്യമായി കരുതിയിരുന്ന പലതിനെയും സാധ്യമാക്കിയിരിക്കുന്നു.

ജീവിതവിജയത്തിലേക്കുള്ള ഓരോ ചവിട്ടുപടിയിലും നമ്മെ പിന്തുണക്കാൻ ബ്ലഗിൾ എന്ന നിഴൽപാത കൂടെയുണ്ടാകും. അതിലേക്കുള്ള കാൽവെപ്പാണ് അറവുകാട് ഹൈസ്കൂളിലെ കുട്ടികളുടെ തൂലികത്തുമ്പിൽ വിരിഞ്ഞ , മഴവില്ലിൻ വർണങ്ങൾ പോലെ മനോഹരമായ " **മഴവില്ലിൻ കൈകൾ നീട്ടുമ്പോൾ** " എന്ന ഇ -മാഗസിന്റെ ഓരോ താളുകളും.

# സന്ദേശം



ലിറ്റിൽ കൈറ്റ്സ്

അണിയിച്ചൊരുക്കുന്ന

" "മഴവില്ലിൻ കൈകൾ നീട്ടുമ്പോൾ "

എന്ന

ഇ -മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു .
കുട്ടികളുടെ സർഗാത്മകത
പരിപോഷിപ്പിക്കുന്നതിനോടൊപ്പം ഐ. ടി
അധിഷ്ഠിതമായ നൈപുണികളും വികസിപ്പിക്കാൻ ഈ
ഉദ്യമത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു .

എസ്. പ്രഭു കുമാർ

സ്കൂൾ മാനേജർ

# സന്ദേശം



ലിറ്റിൽ കൈറ്റ്സിന്റെ  ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന "മഴവില്ലിൻ കൈകൾനീട്ടുമ്പോൾ" എന്ന ഇ – മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾക്കും അവരുടെ മാർഗ്ഗദർശികളായ അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.

വി. ബി.

ഷീജ

പ്രഥമാധ്യാപിക

## സന്ദേശം



**പൊ**തു വിദ്യാലയങ്ങൾ സാങ്കേതിക വിദ്യയുടെ വെളിച്ചത്താൽ സമ്പന്നമാകട്ടെ.... അറവുകാട് ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അണിയിച്ചൊരുക്കുന്ന ***മഴവില്ലിൻ കൈകൾനീട്ടുമ്പോൾ*** എന്ന ഇ -മാഗസിന് ഒരായിരം അഭിനന്ദനങ്ങൾ .ആധുനിക കാലത്ത് ഏറ്റവും പ്രചാരം നേടിയതും ഐ ടി അധിഷ്ഠിതവുമായ സംവിധാനങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ഇ - മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾക്കും അവരുടെ മാർഗ്ഗദർശികളായ അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ

ഷാജി ഗ്രാമദീപം


പി ടി എ പ്രസിഡന്റ്

## സന്ദേശം



ആധുനിക സാങ്കേതികവിദ്യകളുടെകാലത്തിനൊപ്പം നീങ്ങുന്ന അറവുകാട് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റിന്റെ അംഗങ്ങൾക്കും അതിനായി അവരെ പ്രാപ്തരാക്കിയ അദ്ധ്യാപകർക്കും അതിന്റെ ഫലമായി ഉടലെടുത്ത **മഴവില്ലിൻ കൈകൾ നീട്ടുമ്പോൾ** എന്ന മനോഹരമായ ഡിജിറ്റിൽ മാഗസിനും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

ശോഭിത് ലാൽ.
എസ്.
അദ്ധ്യാപകൻ (SITC)



# സന്ദേശം



2019-20 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.കുട്ടികളുടെ കലാവാസനയെ തൊട്ടുണർത്തി മുന്നോട്ടുള്ള പ്രയാണത്തിൽ അവരുടെ ഭാവനകൾ മഴവില്ല് പോലെ മനോഹരമാവട്ടെ എന്ന് ആശംസിക്കുന്നു

ശ്യാമ എസ്
കൈറ്റ്
മിസ്ട്രസ്

## സന്ദേശം



ചിന്തകളുടെ
അനന്തമായ
ആകാശത്തിലേക്ക്
പറക്കുന്ന
നേരിന്റെ...നന്മയുടെ....
കൊച്ചു കൊച്ചു പട്ടങ്ങൾ ...
ഈ കുഞ്ഞു പട്ടങ്ങൾക്ക്
ഭാവനാ വിഹായസ്സിലേക്ക് കുഞ്ഞു ചിറകുകളുയർത്തി
പറന്നുയരാൻ കഴിയട്ടെ .....
സർഗസൃഷ്ടിയുടെ വസന്തം കുഞ്ഞുമനസ്സുകളിൽ
നിറയട്ടെ.....
പ്രതിഭാധനരായ കുഞ്ഞുങ്ങൾക്ക് മുകിലോളം
ഉയരുവാൻ പര്യാപ്തമാകട്ടെ
ഈ ഡിജിറ്റൽ സംരംഭം.....
അതിലേക്കു വഴിതെളിക്കപ്പെടാൻ
സാധ്യമായതിന്റെ കൃതാർഥതയോടെ......

ലിഷ.
എൽ

കൈറ്റ് മിസ്ട്രസ്

# ചരിത്രം

## അറവുകാട് ഹൈസ്കൂൾ

ദക്ഷിണ കേരളത്തിലെ അതിപ്രശസ്തമായ ദേവി ക്ഷേത്രങ്ങളിൽ ഒന്നായ പുന്നപ്ര അറവുകാട് ശ്രീദേവി ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ലയിലെ പ്രധാനപ്പെട്ട വിദ്യാലയമാണ് അറവുകാട്ഹൈസ്ക്കൂൾ.1968 ലാണ് ഈ വിദ്യാലയം അറവുകാട് ക്ഷേത്രയോഗത്തിന്റെ അധീനതയിലും നിയന്ത്രണത്തിലും സ്ഥാപിച്ചത്.

പുന്നപ്രയിലെയും പരിസരപ്രദേശങ്ങളിലെയും വിദ്യാർത്ഥികൾക്ക് ജാതി –മത ഭേദമന്യേ വിദ്യ അഭ്യസിക്കുവാൻ ഈ വിദ്യാലയം അവസരം ഒരുക്കുന്നു.ആദ്യകാലങ്ങളിൽ അമ്പലത്തിലെ സ്റ്റേജിലും അമ്പലത്തോട് അനുബന്ധിച്ചുളള കെട്ടിടങ്ങളിലുമായിരുന്നു ക്ലാസുകൾ നടന്നിരുന്നത്.പിന്നീട് ക്ഷേത്രയോഗത്തിന്റെ അധീനതയിലുളള വിശാലമായ കെട്ടിടത്തിലേക്ക് സ്ഥാപനം മാറ്റപ്പെട്ടു.

ശ്രീ .കെ.ചിതാനന്ദൻ അവറുകളായിരുന്നു അറവുകാട് സ്ക്കുളിന്റെ പ്രഥമ മാനേജർ.ശ്രീ രാഘവൻ അവർകൾ,ശ്രീ .കെ.എസ് ഭാസ്കരൻ അവർകൾ,ശ്രീ .കെ. മോഹനൻ അവർകൾ ശ്രീ.പിറ്റി.സുമിത്രൻ അവർകൾ എന്നിവർ പിന്നീട് സ്ക്കുൾ മാനേജരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.




ഇപ്പോൾ ക്ഷേത്രയോഗത്തിന്റെ വൈസ് പ്രസിഡന്റായ ശ്രീ പ്രഭുകുകാർ സ്കൂളിന്റെ  മാനേജരായി ഭരണസാരഥ്യം വഹിക്കുന്നു.1968 ൽ പ്രവർത്തനം തുടങ്ങുമ്പോൾ ശ്രീ ഗോപിനാഥൻ അവർകളായിരുന്നു പ്രഥമ അദ്ധ്യാപകൻ.പിന്നീട് ശ്രീമതി .ലളിതാംബിക,ശ്രീമതി.എം മണിയമ്മ,ശ്രീ.എൻ.രാജശേഖരൻനായർ,ശ്രീമതി.എൽ.സീതാ ലക്ഷ്മി,ശ്രീമതി.ആർ.സതീഭായി എന്നിവർ സ്കൂളിന്റെ പ്രഥമഅദ്ധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.ഇപ്പോൾ

ശ്രീമതി.വി.ബി.ഷീജ ടീച്ചർ പ്രഥമ അദ്ധ്യാപികയായി സേവനമനുഷ്ഠിക്കുന്നു.

ഇന്ന് ആലപ്പുഴ ജില്ലയിൽ ഏറ്റവുമധികം വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തുന്ന സ്ഥാപനമാണ് അറവുകാട് ഹൈസ്കൂൾ. ഇപ്പോൾ 1000 ത്തോളം വിദ്യാർത്ഥികൾ ഈ സരസ്വതി വിദ്യാലയത്തിൽ വിദ്യ അഭ്യസിക്കുന്നുണ്ട്.

## പത്രാധിപ സമിതി

| | | |
|---|---|---|
| രക്ഷാധികാരി | : | വി . ബി ഷീജ |
| സ്റ്റാഫ് എഡിറ്റേർസ് | : | ലിഷ എൽ<br>ശ്യാമ എസ് |
| സ്റ്റുഡന്റ് എഡിറ്റർ | : | ആലിയ നൗറിൻ |
| കവർ ചിത്രം | : | അർജ്ജുൻ |
| ചിത്രകല | : | അക്ഷർ |

**അക്ഷരം നൽകിയവർ :** ആര്യ ആർ
സുനിൽ

നീരജ എസ്സ്
ആയിഷ സുധീർ
തസ്ലീമ നസ്റിൻ
റിസാന റഷീദ്
മുബീന എം

# സമർപ്പണം

മഴവില്ലിൻ വർണങ്ങൾ ചാലിച്ച്

ചിതറിതെറിച്ചുള്ളൊരക്ഷരക്കൂട്ടത്തെ

ചേലിലായ് ചേർത്ത് പതം വരുത്തി

നാരായം കൊണ്ടത് ഓലയിൽ എഴുതുമ്പോൾ

കാവ്യകുസുമങ്ങളായ് വിരിഞ്ഞിടുന്നു

മഴവില്ലിൻ വർണങ്ങൾ ചാലിച്ച മാനത്ത്

മഴ നൂലിനാൽ നാം തീർത്ത മോഹത്തിൻ കൊട്ടാരം

"മഴവില്ലിൻ കൈകൾ നീട്ടുമ്പോൾ"

മഴയിൽ വിടരുന്ന മഴവില്ല് പോലെ
മനോഹരമായ ഈ ഡിജിറ്റൽ മാഗസിനിലെ
തെറ്റുകുറ്റങ്ങൾ സദയം ക്ഷമിക്കുമെന്ന
വിശ്വാസത്തോടെ അഭീഷ്ട വരദായിനിയും
ഐശ്വര്യദായിനിയുമായ അറവുകാട് അമ്മയുടെ
പാദാരവിന്ദങ്ങളിൽ ഭക്തി പുരസ്സരം
സമർപ്പിച്ചുകൊള്ളുന്നു

സ്റ്റുഡന്റ് എഡിറ്റർ
ആലിയ നൗറിൻ

# എന്റെ വിദ്യാലയം



വാകപ്പൂമരവും
അടുത്തോരാൽത്തറയും
ഗുരുദേവൻ വാഴുന്നൊരു കുഞ്ഞമ്പലവും...
അറിവിൻ കേദാരം അറവുകാട് എച്ച്.എസ്
അരനൂറ്റാണ്ടായി വിളങ്ങിടുന്നു.
സ്ക്കുളിന്റെ ശിലാസ്ഥാപനം
മഹനീയതാരം പ്രേംനസീർ
അന്നത്തെ ചലചിത്രതാരം

വിദ്യാർത്ഥികൾക്കായി അറിവുപകരാൻ
നിലകൊള്ളും വിദ്യാലയം...
അറിവുപകരാനായി പലനാളായിവിടെ
മഹനീയർ അധ്യാപകരും.
സ്ക്കുളിന് തണലായ് വാഴാനിവിടെ
അറവുകാട് അമ്മതൻ പൊന്നമ്പലമുണ്ട്
കായിക മികവിന് തുണയായി
വിശാലമായൊരു മൈതാനവും

ഈ സംസ്ഥാനത്തിൻ മികച്ചൊരധ്യാപക
ജേതാവ് രഞ്ചൻസാറുണ്ട് ഇവിടെ...
ദേശീയപാതയോരത്തായ് നിൽക്കുമീ വിദ്യാലയം
നാടിന്നഭിമാനസ്തംഭമായീടും
ഐ.റ്റി ലിറ്റിൽ കൈറ്റ്സിൽ മികവുപുലർത്തി
ജേതാക്കളായ് മാറി അറവുകാട് എച്ച്.എസ്
എല്ലാ മേഖലകളിലും മികവുറ്റധ്യാപകരും

റിസാന റഷീദ്
IX A



# ഗുരു

അന്ധകാരത്തിലാണ്ടോരു മർത്യനു

വിജ്ഞാനദീപിക കൈകളിൽ നൽകിയോൻ

അജ്ഞാന വാല്മീകമൊക്കെ തുറന്നവനക്ഷര –

മുറ്റത്തു പിച്ചനടത്തിച്ചു ...

വിത്തിൻ മുളപോലെ അക്ഷരമൊക്കെയും

വൃക്ഷങ്ങളാകുകയും പൂക്കുകയും കായ്ക്കുകയും

വിജ്ഞാനകോശത്തിലൊന്നും ഒതുങ്ങാതെ

മനസ്സിന്റെ വാനിൽ പാറിനടക്കവേ

എണ്ണിയാൽ തീരാത്ത അറിവിന്റെ ഭാണ്ഡങ്ങൾ

പിഞ്ചു ഹൃദയത്തിൽ ഊക്കായി പതിയവെ

ഹൃദ് രക്തവും ഊറ്റി മക്കൾക്കു നൽകിയ

എല്ലാ ഗുരുവര്യന്മാർക്കും നമസ്കാരം ....!

അർജ്ജുൻ എ
IX A



വെളിച്ചമെന്ന് ചൊല്ലിയാൽ

ഓർക്കുമീ ചന്ദ്രനെ

വെള്ളിപോൽ മിന്നുമീ

വൃത്ത ദേവൻ

പല പല രൂപവും

പല പല ദിക്കിലും

വിണ്ണിൽ തിളങ്ങുമീ

പൊൻചന്ദ്രൻ

എന്നും ഞാൻ നടക്കവേ

എന്നോടൊപ്പം ചേരുമീ

വെൺ നിലാവ്

ഒന്നുനോക്കുമ്പോളതാ

അമ്മ തൻ കുഞ്ഞുമായി

നിലാവിനുള്ളിൽ

കൗതുകമാർന്നു ഞാൻ


എൻ അമ്മയെ ഓർത്തുപോയി

അത്ഭുതപുളകിതയായി

ഞാൻ മയങ്ങി

ആലിയ നൗറിൻ
IX A





അമ്മിന ഏസൈൻ
VIII E




# പ്രകൃതി സുന്ദരി

എത്ര സുന്ദരമീ പ്രകൃതി
നമ്മുടെ സുന്ദരിയാം പ്രകൃതി
മലരണിയും കാടുകളും കാട്ടു-
പൂഞ്ചോലയൊഴുകും മേടുകളും..
എത്ര സുന്ദരമീ പ്രകൃതി
അരുവികളിലെ കള കള നാദം
കേൾക്കാനെന്തൊരു സുഖമാണ്
പുഴകളിലോടും മീനിൻ ചാട്ടം
കാണാനെന്തു രസമാണ്
മരങ്ങളിൽ പൂവായ് സ്വർണ്ണം വിതറി
പിന്നെ കായ്  കനികളായി മാറും
മായാജാലം കാട്ടും
മന്ത്രവാദിനി പ്രകൃതി.
പ്രകൃതിയൊരു ദേവതയല്ലോ
ഭൂമിയിൽ കനിഞ്ഞുവന്നൊരു ദേവതയല്ലോ
എത്ര സുന്ദരമീ പ്രകൃതി

നന്ദന

IX A1

# അടങ്ങാത്തൊരീ കടൽ



ശാന്തമാണെങ്കിലും ചിലനേരമെങ്കിലും
കോപിച്ചിടുന്നൊരീ കടൽ
എണ്ണമറ്റൊരു നീണ്ട തിരമാലകൾകൊണ്ട്
നമ്മുടെ സുന്ദരിയാം പ്രകൃതി..

സംപൂർണമാകുന്നൊരീ കടൽ
മൽസ്യ കലവറകൊണ്ടു നിറഞ്ഞോരീ
സുന്ദര കടൽ
ജീവിതം പോൽ നീണ്ടൊരീ കടൽ
കണ്ണീരിൻ ഉപ്പാൽ നിറഞ്ഞോരീ കടൽ

ഒരുപാടു സങ്കടം പോലെയെന്തോ കരയാൻ തുടങ്ങുന്നൊരീ
കടൽ
അറിയില്ല ആർക്കുമീ കടലിന്റെ ദുഃഖങ്ങൾ
അറിയാൻ ശ്രമിക്കുന്നുമില്ല
കടലിന്റെ മക്കൾക്ക് ജീവനായ് മാറുന്ന
അമ്മയാണീ കടൽ

മനസിന്റെ ചെയ്തിയാൽ മാലിന്യ
ക്കൂമ്പാരമാകുന്നൊരീ കടൽ
കയറുന്നു കടലിന്നു കരയിലേക്ക്
അറിയുമോ അത് എന്തിനെന്നു ?
ഇല്ലില്ല സംശയം മനുഷ്യന്റെ ചെയ്തികൾ
കൊണ്ടുതന്നെ
ഇതുകൊണ്ടു തന്നെയാണീ കടൽ ഇനിയും
അടങ്ങാത്തതു

അടങ്ങാത്തൊരീ കടൽ
ആഴമുള്ളീ കടൽ

ജീവനായ്  മാറുന്നൊരീ കടൽ
കാലനായ് മാറുന്നൊരീ കടൽ

അന്നമായ് മാറുമീ പൊൻകടൽ

അമ്മയായ് മാറുന്നൊരീ കടൽ

കാവലായ് തീരുന്നൊരീ കടൽ

കണ്ണീർ നിറഞ്ഞോരീ കടൽ

അറിയില്ല ഇനിയെത്ര കടലാസ് വേണമെന്ന്

മതിയാവില്ലൊരു ബുക്കും

കടലിനെപ്പറ്റി എഴുതീടാനായ്

ഓരോന്ന് എഴുതിക്കഴിയുമ്പോഴും

അടങ്ങില്ല അടങ്ങാത്തൊരീ

കടലിനിനിയെത്ര കൗതുകങ്ങൾ

അറിയില്ല ഇനിയിത്ര കൗതുകങ്ങൾ

അനന്ത സാഗരം


അടങ്ങാത്തൊരീ കടൽ

ഹാദിയ ഹനീസ്

VIII E



# കാത്തിരിപ്പ്



നിന്നെ മറക്കാൻ ശ്രമിക്കുമ്പോഴെല്ലാം
നീ എൻ മനസ്സിൽ മായാതെ നിന്നു
പ്രാവായ് നിൻ പിറകെ പറന്നപ്പോഴും
നീ എന്നെ കാണാതെ പറന്നു പോയി
നിൻ ചാരത്ത് ഞാൻ വന്നിരുന്നാലും
നീ എന്നെ കാണാതെ എങ്ങോപോയി..
ജീവിതം തന്നെ മടുത്തു പോയ ഞാൻ
ജീവന്റെ ജീവനായ് സ്നേഹിച്ച ജീവിതം
ഒരു നാൾ നീ എൻ പ്രിയനാകുമെന്നു ഞാൻ
വെറുതെ പലപ്പോഴും മനസ്സിൽ വിചാരിച്ചു..
ഒരു നോക്കു കാണാൻ കാത്തിരുന്നപ്പോൾ
മിന്നാ മിനുങ്ങായി മിന്നി മാഞ്ഞു
കള്ളച്ചിരിയുമായി ചന്ദ്രനെ കാണുമ്പോൾ
നിൻ മുഖം ഞാൻ ഓർത്തു പോകുന്നു
നീ വരുമെന്ന ചിന്തയാൽ ഞാൻഇരുട്ടിലൂടെങ്ങും
അലഞ്ഞീടുന്നു..

മുബീന എം
IX A



# ഒരു കുഞ്ഞ് പൂവിന്റെ ആത്മഗതം



എന്തിനെനിക്കീ ജന്മം ഇനിയെന്തിനെനിക്കീ ജീവൻ
എന്തിനെനിക്കീ ബാല്യം ഇനിയെന്തിനെനിക്കീ
ഭംഗി
എന്തിനെനിക്കീ ജന്മം ഇനിയെന്തിനെനിക്കി ജീവൻ
ബാല്യത്തിൽ ഇത്രയും താണിറങ്ങിപ്പോയ
എൻ ജീവൻ മറ്റാർക്കും വന്നീടല്ലേ
ഇനി വന്നീടല്ലേ...
വെയിലില്ല,മഴയില്ല ഒന്നുമില്ല
ദാഹമകറ്റാൻ വെള്ളമില്ല
എന്തിനെനിക്കീ ചേല് ഇനിയെന്തിനെനിക്കീ ബാല്യം
ബാല്യത്തിലിത്രയും താണിറങ്ങിപ്പോയ എൻ ജീവൻ
മറ്റാർക്കും വന്നീടല്ലേ
ഇനി വന്നീടല്ലേ.....

ആര്യ

ആർ സുനിൽ

IX

A3





# മഴത്തുള്ളി

പൂമഴത്തുള്ളികൾ കണ്ടോ
തൂമണി  മുത്തുകൾ പോലെ
പെട്ടെന്ന് താഴേക്ക് വീഴ്കെ
പൊട്ടുന്ന ചില്ലുകൾ പോലെ

നുള്ളിയെടുക്കുവാൻമേലാ
കോരിയെടുക്കുവാൻ മേലാ
പൊൻപുലർവെട്ടം നിരക്കെ
നീർത്തുള്ളികണ്ണാടി പോലെ

വർണ്ണങ്ങളായിരം തീർക്കും
വർണ്ണമയിൽപ്പീലി പോലെ
ചേലൊത്ത പൂമഴത്തുള്ളി
മായുന്ന സൂര്യനെ കാൺകെ

അമീന ഹുസൈൻ

VIII E



# കാലം സാക്ഷി



തേൻ കിനിയും മൊഴികളായ് വന്നു നീ

നാടിൻ വെളിച്ചമായ് വീടിൻ വിളക്കായവൾ

നിന്നിൽ ഉദിക്കുന്നു നന്മയും നിന്നിൽ ലയിക്കുന്നു തിന്മയും

കൂട്ടുകൂടാൻ വന്നവരത്രയും നന്മ മാത്രം കണ്ടു മടങ്ങി

കാറ്റിനോട് കഥപറഞ്ഞും കിളികളോട് കളിപറഞ്ഞും

മാമ്പൂ മണത്തും കൊത്തുകല്ലുകളിച്ചും പോയ ബാല്യം

കൗമാരം പഴിപറഞ്ഞുപോയി,

ചോദിക്കാതെ യൗവനം കടന്നു വന്നു

യൗവ്വനതിളപ്പിൽ കണ്ടുമുട്ടിയവരെല്ലാം വർണ്ണ
മഴവില്ല് തീർത്തവരായിരുന്നു.

ആഴിത്തിരമാലകളെപ്പോലവർ ആടിയുലഞ്ഞു.

കത്തുന്ന തീപ്പന്തങ്ങൾ പോലവ ജ്വലിച്ചു നിന്നു

ബന്ധങ്ങൾ അകന്നു പോകവെ അവൾ കിരാതയായ്

ആരും അറിയാതെ ജാലകപ്പഴുതിലൂടെ കാതോർത്തു നിന്നവൾ

വർഷങ്ങൾകടന്നുപോകവെ,
മഴയായ്,മഞ്ഞായ്,കാറ്റായ് അവൾ വിരാജിച്ചു.

നാടിൻ പൊൻമകൾ ഒരു നാൾ ബന്ധനസ്ഥയായ്.

കുരുതിക്കളത്തിന് ഉത്തരം

തേടിയലഞ്ഞവർ പകച്ചുപോയ്

നന്മകൾ അകന്നുപോയ ഹൃദയം അവൾ കണ്ടു.

ദൈവസന്നിധിയിൽ മറുപടിക്കായി

കാത്തുനിൽക്കുന്ന വേളയിൽ.

പാപത്തിന്റെ ഭാണ്ഡം പേറി അലയുന്നവൾ

കാലം മായ്ക്കാത്ത മുറിപ്പാടുകളുമായി

കാരാഗൃഹത്തിൻ ഇടനാഴികളിൽ

പശ്ചാത്താപത്തിന്റെ കണിക അല്പമേൽക്കാതെ

വെന്തുനീറി നീയണയുമ്പോൾ


നല്ലൊരു നാളെയ്ക്കായി കാത്തിരിക്കാം കൂട്ടരെ

പുതിയൊരുഷസ്സിനായി.


വി.വി.സിനി
മലയാളം അധ്യാപിക



आँखों में तू ,सांसों में तू ,धड़कन में तू
हमारी जिन्दगी में सिर्फ तु हि है माँ
तेरी कृपा से हमारा दुख दूर करो माँ
तेरी अनमोल छवी को पाकर
हम भक्त अनुगृहीत, अनन बनें
आपकी दिव्यज्योति हमें  सौंपा  दो
द्वेष,दंभ,घृणा से दूर कर
अच्छा  मानव बन जायें हम
माँ तू हमेशा हमारे साथ रखो ,तो
मुसीबतों के जंजीरों को तोड़कर
उम्मीद को साथी बन कर हम आगे बढ़ें
वीर बनें ,धीर बनें ,कर्म कुशल सारथी बनें


Air pollution

പി കെ സജ്ന
ഹിന്ദി അദ്ധ്യാപിക


Air pollution

# ഏകാന്തത



ഇരുട്ട് കൂടുതൽ കനത്തിരിക്കുന്നു. റോഡിന്റെ ഇരുവശങ്ങളിലും കൂറ്റൻ മരങ്ങൾ ഉയർന്നു നിൽക്കുന്നു. വിജനമായ ആ വഴിയിലൂടെ എങ്ങോട്ടെന്നില്ലാതെ ഇറങ്ങിനടന്നതാണ്. ഇപ്പോഴും അറിയില്ല എവിടേക്കാണന്ന്. കാലുകൾ തനിയെ ചലിക്കുന്നു. അതോടൊപ്പം തന്നെ ശരീരവും. ചവറ്റുകൊട്ടയുടെ അടുക്കൽ തെരുവ് നായ്ക്കൾ എന്തിനോവേണ്ടി കടിപിടി കൂട്ടുന്നു. ദൂരെ എവിടൊക്കെയോ നായ്ക്കൾ ഓരിയിടുന്നു. ആരും എന്നും കൂടെ ഉണ്ടാകില്ല എന്ന തിരിച്ചറിവായിരുന്നു അത് .ഞാൻ എന്റേതെന്ന് പറഞ്ഞുസ്നേഹിച്ചവർ എന്നെ ജീവനുതുല്യം സ്നേഹിച്ചവർ ഇന്ന് എന്നെ ഒറ്റയ്ക്കാക്കി യാത്രയായി.

ആശുപത്രി വരാന്തയിൽ അച്ഛന്റെയും അമ്മയുടേയും ഭാര്യയുടേയും മക്കളുടേയും ജഡം വരിവരിയായി ഇട്ടിരിക്കുന്നു*അത് കണ്ട് കണ്ണിൽ നിന്ന് കണ്ണുനീർ വന്നില്ല. മനസ്സിനും ശരീരത്തിനും മരവിപ്പ് മാത്രമായിരുന്നു ഉണ്ടായത്.*

എന്നെ ജീവനുതുല്യം സ്നേഹിച്ചവർ എന്റെ അശ്രദ്ധമൂലം ലോകത്തോട് വിടപറഞ്ഞിരിക്കുന്നു.

കാർ പെട്ടെന്ന് എവിടെയോ പോയി ഇടിച്ചത് മാത്രം ഓർമ്മയുണ്ട്. പിന്നീട് കണ്ണ് തുറന്നപോൾ ഞാൻ തനിച്ചായിരുന്നു.കോടിക്കണക്കിന് മനുഷ്യർ വസിക്കുന്ന ഈ ലോകത്ത് ഞാൻ തനിച്ച്.

സംസ്കാരചടങ്ങുകൾ കഴിഞ്ഞ് വീട്ടിലേക്ക് കയറുമ്പോൾ ഒരു  ശ്മശാനത്തിലേക്കെത്തിയ പ്രതീതിയായിരുന്നു. ഒരുപാട് മുറികളും വാതിലുകളും ജനാലകളുമൊക്കെയുള്ള ആ ഇരുനില കെട്ടിടത്തിൽ ഞാൻ തനിച്ച് .അതേ ഇതിപ്പോൾ ഒരു കെട്ടിടമാണ് വീടല്ല. ഒരു വീടിനെ വീടാക്കുന്ന ഒന്നും തന്നെ ഇവിടെയില്ല. മുറിയുടെ മുകളിൽ മോളുടെ കളിപ്പാട്ടങ്ങൾ ചിതറിക്കിടക്കുന്നു.അവളുടെ അലമാരിയിൽ അവളുടെ വസ്ത്രങ്ങൾ അടുക്കി വെച്ചിരുന്നു.അമ്മയുടേയും അച്ഛന്റേയും മുറിയിൽ കഷായത്തിന്റെയും കാച്ചിയ എണ്ണയുടേയും മണം .എല്ലാ ഓർമകളാണ് വെറും സ്മരണകൾ.

നടന്ന് തളർന്നപ്പോൾ തെരുവിന്റെ ഓരത്തെ ഒരു കൽ ബെഞ്ചിലിരുന്നു.കടത്തിണ്ണകൾ ഭിക്ഷക്കാർ കൈയ്യേറിയിരുന്നു.എങ്ങും എവിടെയും നിശബ്ദത തളം കെട്ടികിടക്കുന്നു.പിന്നയും എഴുന്നേറ്റ് നടന്നു.പലയിടങ്ങളിലും മദ്യപിച്ച് സ്വയബോധം നഷ്ടപ്പെട്ട ആളുകൾ കിടന്ന് പിച്ചും പേയും പറയുന്നു.ആദ്യമായാണ് രാത്രിയിലൊരു സഞ്ചാരം.ഇത്രയും നാൾ കണ്ട ലോകമല്ലിതെന്ന് തികച്ചും

വാസ്തവമാണ്.കൂട്ടിനാരുമില്ലാത നടക്കുമ്പോഴും ഏതോ അജ്ഞാത ശക്തി കൂടെയുണ്ടന്നൊരു തോന്നൽ.നടന്നെത്തിയത് പള്ളി സെമിത്തേരിയിൽ ആണ്.തന്റെ ഉറ്റവരുടെ കല്ലറക്കടുത്ത്.ഒരു പാട് നേരം അവിടെ നിന്ന് കരഞ്ഞു.എന്തിന് ,അറിയില്ല .വെറുതെ കരഞ്ഞു.

തിരിഞ്ഞു നടക്കുമ്പോൾ കാതിൽ അച്ഛാ.........എന്നൊരു വിളി മാറ്റൊലി കൊണ്ടു.അപ്പോഴും ആ പട്ടി ഓരിയിടുന്നുണ്ടായിരുന്നു.

ആമിന സിയാദ്

VIII E






## സുഹൃത് ബന്ധത്തിന്റെ മഹിമ

ഒരിടത്ത് ഒരു ഗ്രാമത്തിൽ മയിലും കാക്കയും ഉണ്ടായിരുന്നു. ഇവർ രണ്ടും നല്ല കൂട്ടുകാരായിരുന്നു.കാക്കയുടെയും മയിലിന്റെയും ഇടയിൽ ഒരു രഹസ്യവും ഉണ്ടായിരുന്നില്ല. കാക്ക എല്ലാ ദിവസവും തന്റെ ഭക്ഷണത്തിന് വേണ്ടി ഓരോ സ്ഥലങ്ങളിൽ ചെന്ന് കൊത്തി തിന്നും. എന്നാൽ മയിൽ കാക്ക കൊണ്ടുവരുന്ന ഭക്ഷണത്തിൽ നിന്ന് മാത്രമേ കഴിക്കാറുള്ളൂ. മടിയനായിരുന്നു മയിൽ. ഒരിക്കൽ ഇരുവരും ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ രണ്ട് കുട്ടികൾ വന്ന് മയിലിനെ പുകഴ്ത്തി.എന്ത് രസമാണ് ഇതിനെ കാണാൻ. പീലികളൊക്കെ പലവർണ്ണത്തിൽ. ഇത് കേട്ടപ്പോൾ മയിലിന് അഹങ്കാരമായി. ഇനി കാക്കയുമായി നടന്നിട്ട് കാര്യമില്ല ,എന്റെ സൗന്ദര്യത്തെ ഇവിടെ നിന്നാൽ ആരും അറിയില്ല. അങ്ങനെ മയിൽ അടുത്ത ഗ്രാമത്തിലേക്ക് പോയി. എന്നാൽ കാക്ക മയിലിനെപ്പോലെ അല്ലായിരുന്നു,അവൻ സത്യസന്ധനും നല്ല സുഹൃത്തുമായിരുന്നു.അവൻ എല്ലാ സ്ഥലങ്ങളിലും മയിലിനെ തേടി നടന്നു. എന്നാൽ മയിൽ അടുത്ത ഗ്രാമത്തിലെത്തിയിരുന്നു. മയിലിന്റെ തൂവലുകളും മറ്റും കണ്ടപ്പോൾ ഗ്രാമവാസികൾക്ക് അത്ഭുതം തോന്നി. കാക്ക മയിലിനെ തിരഞ്ഞ് തിരഞ്ഞ് അവശനായി. അങ്ങനെയൊരു

ദിവസം മയിൽ ഒരു മരത്തണലിൽ വിശ്രമിച്ചു കൊണ്ടിരുന്നപ്പോൾ രണ്ട് വേട്ടക്കാർ വന്ന് തക്കം നോക്കി മയിലിനെ വേട്ടയാടി. എന്നാൽ അപ്പോഴാണ് മയിൽ ചിന്തിച്ചത് എന്റെ കൂടെ ഒരു സുഹൃത്ത് ഉണ്ടായിരുന്നെങ്കിൽ എനിക്ക് ഈ വിധി ഉണ്ടാവില്ലായിരുന്നു. പെട്ടെന്ന് തന്റെ സുഹൃത്തായ കാക്ക തന്റെ കൂട്ടുകാരായ മുഴുവൻ കാക്കകളെയും കൂട്ടി മയിൽ എത്തിച്ചേർന്ന ഗ്രാമത്തിലേക്ക് വന്നു. അവർ അവിടെ കണ്ട കാഴ്ച്ച,മയിലിനെ വേട്ടക്കാർ കൊണ്ടുപോകുന്നതായിരുന്നു. ഉടനെ കാക്കക്കൂട്ടം വേട്ടക്കാരെ ഇരുവരെയും കൊത്തിയോടിച്ചു ,മയിലിനെ രക്ഷിച്ചു.

ആയിഷ സുധീർ
IX A



## അമ്മ

"**അമ്മ**" ഒരു കുട്ടി ആദ്യമായി പറയുന്ന വാക്കാണ് അമ്മ . ഈ ലോകത്ത് ഏറ്റവും സ്നേഹം നിറഞ്ഞ ഒരു പദമാണ് "അമ്മ". അമ്മയുടെ സ്നേഹം കൊതിക്കാത്തവർ ഈ ലോകത്ത് ആരുണ്ട്. സ്നേഹത്തിന്റ ഒരു കിണറാണ് അമ്മ.എത്ര എടുത്താലും ആ സ്നേഹം കൂടികൊണ്ടിരിക്കും .പത്തുമാസം നമ്മേ വയറ്റിൽ ചുമന്ന്,ജീവൻ പോകുന്ന വേദനയിൽ പ്രസവിച്ചു നോക്കി വളർത്തുന്ന നമ്മുടെ അമ്മ എത്ര വിശമമുണ്ടെങ്കിലും അതൊക്കെ മറന്ന് നമുക്കായി ചിരിക്കുന്ന അമ്മ. ഉറങ്ങാതെ പാട്ടുപാടി നമ്മെ ഉറക്കിയ അമ്മ. എത്ര ദുരിതത്തിലും നമ്മുക്ക് തണലായി എത്തുന്ന നമ്മുടെ അമ്മ.നമ്മുടെ ചിരിയ്ക്കായി സ്വന്തം ചിരി ഉപേക്ഷിച്ച നമ്മുടെ അമ്മ.

എത്ര വേദനിപ്പിച്ചാലും സ്നേഹം മാത്രം നൽകുന്ന അമ്മ. നമ്മുടെ ആവിശ്യങ്ങൾക്കായി സ്വന്തം ആവിശ്യങ്ങളും ആഗ്രഹങ്ങളും മനസിലൊതുക്കിയ പാവം നമ്മുടെ അമ്മ.എന്തിനാണ് ഇത്ര സ്നേഹം... അറിയില്ല ,അറിയാതെ മനസ്സിൽ നിന്ന് വരുന്ന ഒരു കള്ളവുമില്ലാത്ത സ്നേഹം.ഒരിടത്ത് ഒരു അമ്മയും മകനുമുണ്ടായിരുന്നു . അച്ഛൻ മരണപ്പെട്ട ശേഷം വീട്ടുജോലി ചെയ്ത് തന്റെ മകനെ വളർത്തിയ ഒരു അമ്മ .അങ്ങനെ മകൻ പഠിച്ച് വലിയ ആളായി. ഉമ്മയോട് അവനും സ്നേഹമായിരുന്നു . അവന് ഒരു പെൺകുട്ടിയോട് ഇഷ്ടം തോന്നി അവർ പരസ്പരം ഇഷ്ടത്തിലായി ഒരിക്കൽ അവളവനോടു പറഞ്ഞു,"നിനക്കിപ്പോൾ എന്നോട് പണ്ടത്തെ സ്നേഹമില്ല " അവൻ

പറഞ്ഞു, "അല്ല എനിക്കിപ്പോഴും നിന്നോട് ഇഷ്ടമാണ്. നി പറ ഞാൻ എന്താ നിന്നോട് സ്നേഹമുണ്ടെന്ന് തെളിയിക്കാൻ ചെയ്യേണ്ടത്.ഒരു നിമിഷം ആലോചിച്ചതിനു ശേഷം അവൾ പറഞ്ഞു,നിന്റെ ഉമ്മയേക്കാൾ നീ എന്നെ സ്നേഹിക്കണം.അതിനാൽ നിന്റെ ഉമ്മയുടെ ചൂടുള്ള ഹൃദയമാണ് എനിക്കു വേണ്ടത്.അവൻ നിശബ്ദനായി.പിന്നെ വീട്ടിലേക്ക് ഭ്രാന്തനെപ്പോലെ ഓടി.എന്നാൽ ഉമ്മയുടെ മുഖത്തേക്ക് നോക്കാൻ അവന് കഴിഞ്ഞില്ല.ഉമ്മ അവനോടു ചോദിച്ചു,"എന്താ മോനേ നീ വല്ലാണ്ടിരിക്കുന്നത്?" അവൻ നടന്ന കാര്യം പറഞ്ഞു.ആ ഉമ്മ ചിരിച്ചു,എന്നാൽ ആ കണ്ണുകളിൽ നിന്നും കണ്ണീരൊഴുകുന്നുണ്ടായിരുന്നു.എന്നിട്ട് പറഞ്ഞു,"കിഴവിക്കെന്തിനാടാ ഹൃദയം?നീ

ഇതെടുത്തോ!"അങ്ങനെ അവൻ മൂർച്ചയുള്ള കത്തി ഉപയോഗിച്ച് ആ ഉമ്മയുടെ ഹൃദയം പുറത്തെടുത്തു ചൂട് പോകാതിരിക്കാൻ അവൻ ഓടി.അവന് കഴിയുന്ന വേഗത്തിൽ. പെട്ടെന്ന് അവനൊരു കമ്പിൽ തട്ടി വിഴാൻ പോയി .അപ്പോൾ ആ ഹൃദയം പറഞ്ഞു,"മോനെ സൂക്ഷിച്ച് പോകൂ...." ഇതാണ് അമ്മ ! നമ്മളെത്ര വേദനിപ്പിച്ചാലും ആ സ്നേഹം അൽപ്പം പോലും കുറയില്ല. സ്വന്തം ജീവനേക്കാൾ അവർ നമ്മെ സ്നേഹിക്കുന്നു . എത്ര തള്ളിപ്പറഞ്ഞാലും അവർ നമ്മളെ ചേർത്ത് നിർത്തും . അതാണ് മാതൃസ്നേഹം...!

ഹാദിയ ഹനീസ്

VIII-E

.

## തെരുവ്



ഒരിക്കൽ അനു അച്ഛന്റെ കൂടെ സ്കൂളിൽ നിന്നും വീട്ടിലേക്ക്മടങ്ങുകയായിരുന്നു. പെട്ടെന്ന് അവൾ തെരുവിലേക്ക് നോക്കി.മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു കുട്ടി കൈയ്യിൽ ഒരു പാത്രവുമേന്തി

അങ്ങോട്ടുമിങ്ങോട്ടും സഹായം അഭ്യർത്ഥിച്ച് തെരുവിലൂടെ നടക്കുന്നു.

പെട്ടെന്നവൾ അച്ഛനോട് വണ്ടി നിർത്താൻ ആവശ്യപ്പെട്ടു. അച്ഛന്റെ

പേഴ്സിൽ നിന്നും പൈസയെടുത്ത് അവൾ ആ കുട്ടിയുടെ

പാത്രത്തിലേക്ക് ഇട്ടു. കുട്ടിയുടെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു .

മകളുടെ നല്ല മനസ്സ് കണ്ട അച്ഛന് അവളോട് പ്രത്യേക വാത്സല്യം

തോന്നി. അതിൽ അയാൾക്ക് അഭിമാനം തോന്നി.

അയിഷ

ഹാഷിം

VIII D



യാത്രാവിവരണം

## ഓർമ്മത്തുള്ളി

ഓർമ്മകളുടെ താളുകളിൽ നിന്നും അടർത്തിയെടുത്ത എന്റെ ഒരു അനുഭവമാണിത്.ഞാൻ 6-ൽ പഠിക്കുമ്പോൾ സ്ക്കൂളിൽ നിന്നും അദ്ധ്യാപകരും വിദ്യാർത്ഥികളുമൊത്ത് തൃശ്ശൂരിലേക്കു പഠനയാത്രപോയി.രാവിലെ 6.00 മണിക്ക് ടൂറിസ്റ്റ് ബസ്സിലായിരുന്നു യാത്ര.ഈശ്വര പ്രാർത്ഥനയോടെ ഞങ്ങൾ യാത്രതുടങ്ങി.കുറച്ചുനേരം ഉറങ്ങിയതിനു ശേഷം കളിയും ചിരിയും ആട്ടവും പാട്ടുമായി ഞങ്ങൾ തൃശ്ശൂർ എത്തി.അവിടെ ഒരു ക്രിസ്ത്യൻ പള്ളിയിൽ വെച്ചായിരുന്നു പ്രഭാതഭക്ഷണം. അതിനു ശേഷം ഞങ്ങൾ നേരെ അതിരപ്പള്ളിയിലേക്ക് യാത്രതിരിച്ചു .അതിരപ്പള്ളിയിലേക്ക് എത്താൻ വാഹനത്തിൽനിന്ന് ഇറങ്ങി കുറേ നടക്കണമായിരുന്നു.എന്നാൽ ധാരാളം കുരങ്ങന്മാരുടെ കുസൃതികൾ കണ്ട് സമയം പോയതേ അറി ഞ്ഞില്ല.മാത്രമല്ല,വെള്ളച്ചാട്ടം കാണാനുള്ള തിടുക്കത്തിൽ നടത്തത്തിന്റെ ക്ഷീണമൊന്നും ഞങ്ങൾ അറിഞ്ഞില്ല.കൂടാതെ അവിടെ പൂമ്പാറ്റകൾ നിറഞ്ഞ ഒരു പൂന്തോട്ടമുണ്ടായിരുന്നു.വേനൽകാലമായിട്ടും സൂര്യരശ്മികൾ അവിടുത്തെ വെള്ളത്തിൽ പതിഞ്ഞതേയില്ല.കുളിർമ്മയേകുന്ന തണുപ്പായിരുന്നു വെള്ളത്തിന്.ധാരാളം സമയം ഞങ്ങൾ വെള്ളത്തിന്റെ ഭംഗിയാസ്വദിച്ച് കളിച്ചു.ഏറ്റവും സന്തോഷകരമായി തോന്നി. 'ബാഹുബലി'എന്ന ഹിറ്റ് സിനിമ ഷൂട്ട് ചെയ്ത സ്ഥലമാണ് എന്ന് ഓർത്തത് അപ്പോഴാണ്.

വെള്ളച്ചാട്ടത്തിന്റെ ഭംഗി വായിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ പോലും അത് നേരിൽ കണ്ടപ്പോഴാണ് അതിന്റെ യഥാർത്ഥ സൗന്ദര്യം ഞാൻ  അറിഞ്ഞത്.കളകളമിളകുന്ന വെള്ളത്തിന്റെ ശബ്ദം കേൾക്കാനായി ഞങ്ങൾ കാതോർത്തു.കൂടാതെ ഞങ്ങളെ കൂടുതൽ മുൾമുനയിൽ നിർത്തിയ ഒരു തൂക്കുപാലവുമുണ്ടായിരുന്നു.അതിൽ കയറിക്കഴിഞ്ഞപ്പോഴാണ് കാണുന്നതിനേക്കാൾ ഭയാനകമാണ് അതിൽ കയറുന്നതെന്ന് ഞങ്ങൾ മനസ്സിലാക്കിയത്.അതിനെ ഞാൻ    'ഡാൻസിംഗ് ബ്രിഡ്ജ് 'എന്ന് വിളിച്ചു.പുറത്തിറങ്ങിയതിനുശേഷം ചെറിയ ചെറിയ കടകളിൽ കയറി ചെറിയൊരു ഷോപ്പിംഗ് നടത്തി.അങ്ങനെ ആതിരപ്പള്ളിയിൽ നിന്ന് ഐസ്ക്രീമും ഉച്ചഭക്ഷണവും കഴിച്ച് തിരികെ സ്കൂളിലേക്ക് യാത്രതിരിച്ചു.ഇങ്ങോട്ടുള്ള യാത്രയിൽ എല്ലാവരും ഫുൾ എനർജിയിലായിരുന്നു.തുള്ളലും മേളവുമായി എറണാകുളത്ത് എത്തി.അവിടു ള്ള ഒരു കടയിൽനിന്ന് പൊറോട്ടയും ചിക്കൻ ഫ്രൈയും കഴിച്ച് എല്ലാവരും ഉറക്കത്തിലേക്കു നീങ്ങി.അതിനിടയിൽ ബസിൽ സിനിമവെച്ചു.'ഒപ്പം' എന്ന ലാലേട്ടൻ പടം.അതും കണ്ട് അല്ലറ ചില്ലറ ശർദ്ദിച്ചും സ്കൂളിലെത്തി.എത്രയെത്ര നാളുകഴിഞ്ഞാലും മനസ്സിൽ ഒപ്പിവെച്ച ഈ ഓർമ്മകൾ മായാതെ കിടക്കും!


ആലിയാനൗറിൻ.എസ്
IX-A






# മാതൃഭാഷയുടെ പ്രാധാന്യം

ഒരു നാടിന്റെ സാംസ്കാരികവും സാമൂഹികവുമായ പുരോഗതിക്ക് അടിസ്ഥാനമാകുന്നത് ഭാഷയാണ്.പ്രത്യേകിച്ചും മാതൃഭാഷ. ഒരു വ്യക്തി ജനിക്കുമ്പോൾ അമ്മയുടെ മുലപ്പാലിനൊപ്പം ലഭിക്കുന്ന ഭാഷയാണ് മാതൃഭാഷ. അമ്മയുടെ വൈകാരികത മക്കളിലേക്ക് പകരുന്നത് മാതൃഭാഷയിലൂടെയാണ് . കൊഞ്ചുന്ന വാക്കുകൾ,ഓമനത്തമുള്ള പദങ്ങൾ,അമ്മ കുഞ്ഞിനുനൽകുന്ന വിനിമയ സന്ദേശങ്ങൾ എല്ലാം മാതൃഭാഷയിലൂടെയാണ്. മാതൃഭാഷയും പെറ്റമ്മയും തുല്യമാണ്. മറ്റുള്ള ഭാഷകൾ വളർത്തമ്മമാരെ പോലെയാണ്.

കേരളത്തിൽ ജനിച്ചു വളരുന്ന നമ്മൾ ഓരോരുത്തരും മാതൃഭാഷാപഠനത്തിന്പ്രാധാന്യം നൽകണം.ബ്രിട്ടീഷുകാർ ഭാരതം അടക്കി ഭരിച്ചത് ഭാഷാനയത്തിലൂടെയാണ്. ഇന്നും ഇംഗ്ലീഷ് പറയുന്നവരെ വരേണ്യവർഗത്തിൽ കാണുന്ന അടിമത്തം നമ്മളിൽ കുടിയിരിക്കുന്നു. ലോകത്ത് ഒരു രാജ്യത്തും മാതൃഭാഷ രണ്ടാം ഭാഷയായി പഠിക്കുന്നില്ല എന്നു നാം അറിയണം. കേരളത്തിൽ അതും നവോത്ഥാന കേരളത്തിൽ . ഇംഗ്ലീഷ് ഭാഷയെ കുറ്റം പറയുകയല്ല. ലോകഭാഷയാണ് ഇംഗ്ലീഷ്. അതെങ്ങനെ ലോകഭാഷയായി. അർത്ഥസമ്പുഷ്ടഭാഷയായി. അതിനുപിന്നിൽ കഠിനപ്രയത്നം ഉണ്ട്. ഭാഷ ഒരു ചിഹ്നവ്യവസ്ഥയാണ്. അത് ഉത്തരോത്തരം വളരണമെങ്കിൽ കാലാകാലങ്ങളായി വരുന്ന ശാസ്ത്ര സംജ്ഞകൾ അടക്കം എല്ലാം ആ ഭാഷയിലും കൊണ്ടുവരണം. അങ്ങനെ നമ്മുടെ മലയാളം വളരണം.

ശ്രീലേഖ മനോജ്

മലയാളം അധ്യാപിക



# പ്രളയം പകർന്ന പാഠങ്ങൾ



ഇത്തവണ കേരളത്തിന്റെ മുഴുവൻ ഭാഗങ്ങളിലും ഉണ്ടായ പ്രളയവും ഉരുൾപൊട്ടലും മഹാമാരിയും ആദ്യത്തേതും അവസാനത്തേതും അല്ല. പ്രപഞ്ചസംവിധാനങ്ങളുടെ അനുസ്യൂതഗമനങ്ങൾക്കിടയിൽ ഇടയ്ക്കിടെ സംഭവിച്ചുകൊണ്ടിരിക്കുന്ന ചില സവിശേഷ പ്രതിഭാസങ്ങൾ മാത്രമാണ്. ഏതാനും ദിവസങ്ങൾ  മാത്രം നീണ്ടുനിന്ന ദുരന്തം കാരണം സംഭവിച്ച നാശനഷ്ടങ്ങൾ വ്യാപകമാണ് .സർക്കാരിന്റെയും മാധ്യമങ്ങളുടെയും കണക്കുക്കൂട്ടലുകൾക്കപ്പുറത്ത് പ്രത്യക്ഷമായും പരോക്ഷമായും ധാരാളം നഷ്ടങ്ങൾ വ്യവസായമേഖലയിലും കാർഷികമേഖലയിലും സംഭവിച്ചു. ഇതൊരുപക്ഷേ ഇനിയും വരാനിരിക്കുന്ന ദുരന്തങ്ങളുടെ സൂചനകളായിക്കൂടെന്നില്ല . അങ്ങനെയാകാതിരിക്കട്ടെ എന്ന പ്രാർത്ഥനയേ  ഇപ്പോൾ നമുക്ക് കരണീയമായിട്ടുള്ളൂ .

അടിയന്തിര സാഹചര്യങ്ങളിൽ ചില മനുഷ്യർ അത്ഭുതസിദ്ധികൾ സമ്മാനിക്കും. അവർ ഒരു നാടിന്റെ ,സമൂഹത്തിന്റെ രക്ഷകരായി ഉയർത്തെഴുന്നേൽക്കും. ഇത്രയും കാലം തന്റെ നാട്ടിലോ ഒരു  പക്ഷേ വീട്ടിൽ പോലുമോ ഒരു

സാധാരണക്കാരായിരുന്ന പലരും സാഹചര്യങ്ങളുടെ ഗൗരവം കണ്ടറിഞ്ഞ് പുതിയ നിയോഗമേറ്റെടുക്കാൻ സ്വശരീരം പോലും പണയം വെച്ച് മുന്നോട്ടുവന്നു .

വർഗ്ഗീയതയും സാമൂഹിക ധ്രുവീകരണവും ,വൈരവും വിദ്വേഷവും ആയ കാളക്രൂടവിഷം കഠിനമഴയിൽ ഒലിച്ചുപോകുന്ന സന്തോഷ നിമിഷങ്ങൾ നമ്മൾ കണ്ടു.കഴുത്തറ്റം വെള്ളത്തിൽ മരണവുമായി മല്ലിടുന്നവരെ രക്ഷപ്പെടുത്താനോ അവർക്ക് ഒരുപിടി ആഹാരം നൽകാനോ മതമോ ജാതിയോ തടസ്സം നിൽക്കരുത് എന്നതാണ് പ്രളയം നൽകുന്ന പ്രഥമ പാഠം .

അനുഗ്രഹങ്ങളുടെ വിളനിലമായ കേരളം ഒരു ദുരന്തഭൂമിയായി നിമിഷങ്ങൾക്കുള്ളിൽ പരിണമിച്ചതിന്റെ പരിഭ്രാന്തി ഇനിയും വിട്ടകന്നിട്ടില്ല. ക്ഷണനേരത്തെ ജാഗ്രതകൊണ്ടു മാത്രം ജീവിതം തിരിച്ചുകിട്ടിയ മനുഷ്യർ, നീണ്ട വർഷങ്ങൾ പാടുപെട്ട് പടുത്തുയർത്തിയതെല്ലാം പ്രളയജലം നക്കിത്തുടയ്ക്കുന്നത് നിറമിഴികളോടെ നോക്കിനിന്നവർ, സമ്പത്തും സൗകര്യവും എല്ലാം ഉണ്ടായിട്ടും ഒരിത്തിരി ദാഹജലത്തിനായി കൈനീട്ടി നിൽക്കേണ്ടിവന്നവർ ഇവരെ ഒരു നേരമെങ്കിലും മലയാളി ഒന്നോർക്കുന്നത് നന്നായിരിക്കും.നമ്മുടെ അഹങ്കാരം കളഞ്ഞ് ഇത്രയൊക്കെയേ ഉള്ളൂ നമ്മൾ എന്നൊരു തിരിച്ചറിവിൽ എത്തിയാൽ അതാണ്, അതുതന്നെയാണ് പ്രളയം നമുക്ക് തരുന്ന ഏറ്റവും മഹത്തായ പാഠം.

അമ്പിളി .എസ്.ആർ

മലയാളം അധ്യാപിക



# മഹാത്മാഗാന്ധി എന്ന മഹാഗുരു



അഴിമതിയുടെയും ഭീകരവാദത്തിന്റെയും വംശീയതയുടെയും അട്ടഹാസങ്ങൾ ഉയരുന്ന ഈ കാലഘട്ടത്തിൽ ഗാന്ധി സ്മരണകൾ വ്യർത്ഥമാകാതിരിക്കാനുള്ള കരുതലാണ് നമുക്ക് വേണ്ടത്. പ്രകൃതിയെ പരിരക്ഷിക്കാൻ, മനുഷ്യമനസ്സിലെയും തെരുവിലെയും മാലിന്യം തുത്തെറിയാൻ,ഹിംസയെ പ്രതിരോധിക്കാൻ, ധൂർത്തുകളെ ലളിതമാക്കുവാൻ ഗാന്ധിമാർഗ്ഗമല്ലാതെ പിന്നെ ഏതു മാർഗമാണ് നമ്മുടെ മുന്നിൽ ഉള്ളത്. ഒന്നുമില്ല . നമുക്ക് ഗാന്ധിജി ഒരു വ്യക്തിയല്ല . കടലാഴമുള്ള ജന്മവും കാലം കവരാത്ത ഓർമപ്പെടുത്തലുമാണ് . ലളിതമാണ് ഗാന്ധിയൻ ദർശനം . ഗാന്ധിജി പ്രയോഗികമാക്കിയ അഹിംസ മാർഗം ചരിത്രഗതിയെതന്നെ തിരിച്ചു എന്നതിന് കാലം സാക്ഷ്യം പറയും . നിരായുധീകരണം , ദാരിദ്രനിർമാർജ്ജനം തുടങ്ങി ലോകം ഇന്ന് തേടുന്ന ലക്ഷ്യങ്ങളിലൊക്കെയും ഗാന്ധിയൻ ആശയങ്ങൾ വഴി തുറക്കുന്നുണ്ട് . പുതിയ സാങ്കേതിക വിദ്യകൾ ലോകത്തെ മാറ്റിമറിക്കുന്ന ഡിജിറ്റൽ യുഗത്തിൽ ഗാന്ധിജിയുടെ ആശയങ്ങൾ കാലഹരണപ്പെട്ടതാണെന്നു വാദിക്കുന്നവരുമുണ്ടാകാം . എന്നാൽ ഉപ്പു സത്യാഗ്രഹം പോലുള്ള ആശയങ്ങളിലൂടെ സാധാരണക്കാരെപോലും ആ പോരാട്ടത്തിൽ ഒന്നിപ്പിക്കുകയും ധർമ്മത്തിന്റെ പാത കാട്ടിത്തരുകയും ചെയ്ത ഗാന്ധിജി പുതിയ ലോകത്തിന്റെ ആത്മീയ ഗുരു തന്നെ . മഹാത്മാവിന്റെ നൂറ്റിയമ്പതാം ജന്മവാർഷികാഘോഷങ്ങൾ അവസാനിക്കുന്ന സന്ദർഭമാണിത് . ഗാന്ധിവചനങ്ങൾക്കു പ്രസക്തി ഏറുന്ന കാലഘട്ടമാണിത് . അതിൽ ചിലത് ഇവിടെ കുറിക്കുന്നു . "അദ്ധ്യാപകർ വിദ്യാർത്ഥികളുടെ തലച്ചോറിനെ അല്ല ,ഹൃദയത്തെ ആണ് രൂപപ്പെടുത്തേണ്ടത് ."

"ഗിരിനിരകളോളം പഴക്കമുള്ള സത്യവും അഹിംസയുമല്ലാതെ മറ്റൊന്നും എനിക്ക് ലോകത്തെ പഠിപ്പിക്കാനില്ല ".

" നിങ്ങൾക്ക് മാനവികതയിലുള്ള വിശ്വാസം നഷ്ടപ്പെടരുത് ". മനുഷ്യത്വം ഒരു സമുദ്രം പോലെ ആണ്; സമുദ്രത്തിന്റെ ഏതാനും തുള്ളികൾ വൃത്തികെട്ടതായാലും സമുദ്രം മുഴുവൻ വൃത്തിഹീനമാകില്ല .

രഞ്ജൻ. ഡി
സോഷ്യൽ സയൻസ് അദ്ധ്യാപകൻ
(സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് 2017-18



# കേരളം എന്ന പേരിന്റെ പിന്നിൽ

കേരളം എന്ന പേരിന്റെ ഉത്ഭവത്തെ പറ്റി പല അഭിപ്രായങ്ങളും നിലവിൽ ഉണ്ട് .കേര വൃക്ഷങ്ങൾ നിറഞ്ഞ എന്ന അർത്ഥത്തിൽ കേരളം എന്ന പേരുണ്ടായി എന്നതാണ് പ്രബലമായ ഒരു വാദം. കേരം (തെങ്ങ് ) എന്ന പദവും അളം(സ്ഥലം )എന്ന പദവും ചേർന്ന എന്നതാണ് ഇതിന്റെ പിൻബലം .കടൽ മാറി കരകൾ കൂടിച്ചേർന്നത് എന്നർത്ഥത്തിൽ ആണ് ഈ പേര് ഉടലെടുത്തത് എന്നൊരു വാദവുമുണ്ട് .

'ചേരളം' എന്ന പദത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്നാണ് മറ്റൊരു വാദം. ചേർ, അഥവാ ചേർന്ത എന്നതിന് ചേർന്ന എന്നാണ് അർത്ഥം. കടൽ മാറി കരകൾ കൂടിച്ചേർന്ന എന്ന അർത്ഥത്തിൽ ആണ് ഈ പേർ ഉത്ഭവിച്ചത് എന്ന ഒരു വാദഗതിക്കാർ കരുതുന്നു. സംഘകാലത്തിലെ നെയ്തൽ തിണൈ എന്ന ഭൂപ്രദേശത്തിൽ വരുന്ന ഇവിടം കടൽ ചേരുന്ന ഇടം എന്നർത്ഥത്തിൽ ചേർ എന്ന് വിളിച്ചിരുന്നു. ചേർ+അളം എന്നതിന് സമുദ്രം എന്ന അർത്ഥവുമുണ്ട്. കടലോരം എന്ന സൂചനയാണ് ചേരളം തരുന്നത്. ചേരലർ കടലോരത്തിന്റെ അധിപരുമായി.ചേര രാജാക്കന്മാരിൽ നിന്നുമാവാം ഈ പേര് വന്നത് എന്ന് മറ്റൊരു അഭിപ്രായമുണ്ട് .ഇവരുടെ പേർ തന്നെ ഥേര എന്ന പാലി വാക്കിൽ നിന്നുത്ഭവിച്ചതാണ് എന്നാണ് മറ്റൊരു വാദം. അതിന് ബുദ്ധമതവുമായി ബന്ധം കാണുന്നു. ഥേരൻ എന്ന വാക്കിന് വലിയേട്ടൻ എന്നാണ് വാച്യാർത്ഥം. ബുദ്ധമതത്തിലെ ഥേരവാദ മതത്തിൽ പെട്ടവരായിരുന്നു ചേര രാജാക്കന്മാർ എന്ന് കരുതുന്നു. ഥേര എന്ന വാക്ക് പാലിയിൽ നിന്ന് താലവ്യവത്കരണം എന്ന സ്വനനയം പ്രകാരം ചേരൻ എന്നായതാണെന്നും, സ്ഥലം എന്ന അർത്ഥത്തിലുള്ള പാലി പദമായ തളം, ആദിലോപം പ്രാപിച്ച് അളം ആയതാണെന്നും ഇക്കൂട്ടർ വിശ്വസിക്കുന്നു. കേരളം ഒരു കാലത്ത് ബുദ്ധമതക്കാരുടെ പ്രബലകേന്ദ്രമായിരുന്നു എന്ന വിശ്വാസം ബലപ്പെടുന്നതാണീ വാദം. ചേര എന്നതിന്റെ കന്നട ഉച്ചാരണം കേര എന്നാണ്. ഇതായിരിക്കാം കേരളം ആയതെന്നാണ് ഹെർമൻ ഗുണ്ടർട്ട് വാദിക്കുന്നത്.

ചേരം(കേരളം )എന്ന വാക്ക് നാഗം (പാമ്പ് )എന്നതിന്റെ തത്സമമാണെന്നും കേരളത്തിലെ ദ്രാവിഡന്മാരുടെ നാഗാരാധന ഈ പേര് വരാനുള്ള കാരണമായി എന്നും പറയപ്പെടുന്നുണ്ട് . മറ്റൊരു അഭിപ്രായം അറബി സഞ്ചാരികളാണ് പേരിന്റെ ഉല്പത്തിക്കു പിന്നിൽ എന്നാണ്. കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും സമ്പത്ത്
സമൃദ്ധിയും കണ്ട് അവർ അല്ലാഹ അനുഗ്രഹിച്ച നാട് എന്നർത്ഥത്തിൽ ഖൈറുള്ള എന്ന് വിളിച്ചിരുന്നത്രെ. അത് ലോപിച്ചാണ് കേരളം എന്ന പേര് ഉണ്ടായതെന്നാണ് മറ്റൊരു വിശ്വാസം. "മലബാർ" എന്ന പദം അറബികൾ വഴി ലഭിച്ചതാണെന്നതാണ് ഈ അഭിപ്രായത്തിനു കൂടുതൽ പിന്തുണ നൽകുന്നത്. "മഹൽ" എന്ന പദവും "ബുഹാർ" എന്ന പദവും ചേർന്നാണു മലബാർ എന്ന പദം ഉണ്ടായത്."മഹൽബുഹാർ" എന്നാൽ സുഗന്ധ വ്യഞ്ജനങ്ങളുടെ നാട് എന്നർത്ഥം . അത് പിന്നീട് ലോപിച്ചാണ് മലബാർ എന്നായത്. കേരളീയരല്ലാത്ത ലോകത്തുള്ള മറ്റെല്ലാ ആൾക്കാരും കേരളം എന്ന് തികച്ചു പറയുന്നില്ല. ഇംഗ്ലീഷിൽ "M " എന്ന അക്ഷരം ഉണ്ടായിട്ടും "കേരള" എന്നാണു ഇംഗ്ലീഷിൽ പറയുന്നത്. അതിനാൽ ഈ വാദത്തെ തള്ളിക്കളയുക പ്രയാസവുമാണ്.
വീരകേരളന്റെ നാടായതിനാൽ കേരളം എന്ന പേർ വന്നു എന്നും ഒരു വിശ്വാസം ഉണ്ട്.മലഞ്ചെരിവ് എന്നർത്ഥമുള്ള ചാരൽ എന്ന തമിഴ് പദത്തിൽ നിന്നാണ് ചേരൽ ഉണ്ടായതെന്നും അതാണ് കേരളമായതെന്നും മറ്റൊരു വാദം നിലനിൽക്കുന്നു.

അർജ്ജുൻ എസ്
IX A

# കമ്പ്യൂട്ടർ വിദ്യാഭ്യാസം


വിദ്യാഭ്യാസത്തിന്  പരമപ്രധാനമായ സ്ഥാനമുള്ള ഒരു കാലഘട്ടത്തിലാണ്  നാം ജീവിക്കുന്നത്.അറിവ് നേടുകയെന്നത് അലങ്കാരമോ ആവശ്യമോ മാത്രമല്ല. അതിനപ്പുറം അത്യാവശ്യമാണ് എന്നതാണ്  ഇന്നത്തെ പ്രത്യേകത. വിദ്യാഭ്യാസ പ്രക്രിയയിൽ  പുതിയ ഒട്ടനേകം സംവിധാനങ്ങൾ ഇന്ന്  നിലവിലുണ്ട്. സോക്രട്ടീസിന്റെ കാലത്ത്നിലനിന്ന ചോദ്യോത്തര രീതി മാറി. എത്രയോ നവീനസമ്പ്രദായത്തിലുള്ള  പഠനരീതിയാണ് ഇന്ന് ഉപയോഗിക്കുന്നത്.

പുതിയ സാങ്കേതിക മാർഗങ്ങൾക്ക് ഇവിടെ പ്രത്യേക പ്രാധാന്യമുണ്ട്. ഇതു കേൾക്കുമ്പോൾ കമ്പ്യൂട്ടറിന്റെ  ചിത്രമാവും നമ്മുടെമനസ്സിൽ തെളിയുന്നത്.മണിച്ചട്ടത്തിൽ തുടങ്ങി കാൽക്കുലേറ്ററിലൂടെ വളർന്ന് കമ്പ്യൂട്ടറിലെത്തി.ഇന്റർനെറ്റ് സൗകര്യങ്ങളുള്ള ഒരു സൈബർയുഗമാണിത്.അതിനാൽ കമ്പ്യൂട്ടറിനെ മാറ്റി നിർത്തി വിദ്യാഭ്യാത്തെക്കുറിച്ച് ചിന്തിക്കാനാവില്ല.സാക്ഷരതയെന്നാൽ ഇന്നുദ്ദേശിക്കുന്നത് കമ്പ്യൂട്ടർസാക്ഷരതയാണ്.നാം പ്രതീക്ഷിക്കുന്നതിലുമേറെ സാധ്യതകൾ ഈ രംഗത്തു കാഴ്ചവെക്കാൻ കമ്പ്യൂട്ടറിന് കഴിയും.വിജ്ഞാനം ശേഖരിക്കാനും വിവരങ്ങൾ സമ്പാദിക്കാനും സ്വപ്നസമാനമായ വേഗതയും കൃത്യതയുമാണ് കമ്പ്യൂട്ടർ നമുക്കു നൽകുന്നത്.രണ്ടുതരത്തിലുള്ള പഠനത്തെക്കുറിച്ചു  നാമിവിടെ ഓർക്കേണ്ടതുണ്ട്. 1.കമ്പ്യൂട്ടറിനെക്കുറിച്ചുള്ള  പഠനം.2.കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പഠനം.

ഇത് രണ്ടും സ്കൂളുകളിൽ ആരംഭിക്കേണ്ടതാണ്. ടി.വിയോ വിസിആറോ പോലെ എളുപ്പത്തിൽ ഉപയോഗിക്കാവുന്ന കമ്പ്യൂട്ടറിനെ പരിചയപ്പെടാനും അടുത്തറിയാനും നന്നേ ചെറുപ്പത്തിൽ തന്നെ നമുക്ക് അവസരം കിട്ടിയാൽ അതുനന്നായിരിക്കും.

അനീറ്റ അനീയൻകുഞ്ഞ്
IX A3

## NEWTON'S EXPERIMENT WITH FEATHER AND COIN



The earth attracts all objects towards it equally. But when a coin and a feather are dropped the coin reaches the ground first followed by the feather. Why?

Galileo was the first person to argue that this is due to air resistance. He wasn't able to prove it because at that time there were no facilities to create vacuum. Sir Isaac Newton could prove this through "feather and coin" experiment.

Newton placed a feather and a coin in a long transparent tube with a closed end. The tube was kept vertical at first and then turned upside down. The coin reached the bottom first followed by the feather a little later. The experiment was repeated after removing the air inside the tube and it was found that both the feather and the coin reached the bottom simultaneously.

The conclusion was that the feather takes more time to reach the bottom due to air resistance thus, Galileo's argument was proved right.

തസ്ലിമ



# Life

***Life, the gift of God, which we humans waste away. God, the Almighty has given us life to make something out of it. These four letters, mean a lot to an infinite extend, but what we make out of it, is that matters. An individual experiences every phase of situation in his/her life. Bad phases and good phases are part of this adventure that is life, which defines each and every individual. A time comes when you get to know that you are all alone in this world and your faith is shattered and you are broken. But that's how life works. Aim is what life is made up of and if not, then one should make it, because doing so encourages the spirit of individual to live. Be ambitious and life would be easy and meaningful. Make everyday a single step towards fulfilment your aim.***

ലിഷ എൽ

ഹിന്ദി അദ്ധ്യാപിക





# ദൂരം പറയാം

ഒരു ആൺകുട്ടിയും പെൺകുട്ടിയും കൂടെ ഒരേ ദിശയിലേക്ക് നടക്കാൻ തുടങ്ങി.ഒരേ സമയത്ത്,ഒരേ സ്ഥലത്ത് നിന്നാണ് അവർ നടത്തം തുടങ്ങിയത്.ആൺകുട്ടിയുടെ വേഗം മണിക്കൂറിൽ അഞ്ച് കിലോമീറ്ററും പെൺകുട്ടിയുടെ ആറ് കിലോമാറ്ററുമാണ്.നായ ആൺകുട്ടിയുടെ അടുത്ത് നിന്ന് പെൺകുട്ടിയുടെ അടുത്തേക്കും തിരിച്ചും മാറിമാറി നടക്കുന്നു.നായയുടെ വേഗം മണിക്കൂറിൽ പത്ത് കിലോമീറ്ററാണ്.നായ നടത്തം നിർത്തുകയോ വേഗം കൂട്ടുകയോ ചെയ്യുന്നില്ല.എങ്കിൽ,ഒരു മണിക്കൂറിൽ നായ എത്ര ദൂരം സഞ്ചരിച്ചിട്ടുണ്ടാകും?

## ഉത്തരം

10 കിലോമീറ്റർ തന്നെ.കാരണം നായയുടെ വേഗം മണിക്കൂറിൽ 10 കിലോമീറ്റർ ആണെന്ന് തന്നിട്ടുണ്ട്.ആൺകുട്ടിയുടെയോ പെൺകുട്ടിയുടേയോ നടത്തം നായയുടെ പോക്കിനെ ബാധിക്കുന്നില്ലല്ലോ.

നീരജ

എസ്

IX A3

# ഗാന്ധിജയന്തി
# വാരാചരണം















# പ്രകൃതിയിലെ ഗണിത രൂപങ്ങൾ










# ഫോട്ടോ ഗാലറി















## LITTLE KITES



## SCOUT



## RED CROSS



## ലിറ്റിൽ കൈറ്റ് സ്

**2018-19**

പ്രഥമ ലിറ്റി ൽ കൈറ്റ് സ് അവാർഡ് ജില്ലയിൽ മൂന്നാം സ്ഥാനം
നേടിയ ലിറ്റിൽ കൈറ്റ് സ് ലെ എല്ലാ കുട്ടികൾക്കും
അഭിനന്ദനങ്ങൾ








കുഞ്ഞുപട്ടങ്ങളായി ഈ കുരുന്നുകൾ

ലിറ്റിൽ കൈറ്റ്

സ് 2019-20




OUR BEACH OUR RESPONSIBILITY
KEEP YOUR FAVOURITE BEACH PLASTIC-FREE
KEEP YOUR FAVOURITE BEACH PLASTIC-FREE
OUR BEACH OUR RESPONSIBILITY
OUR BEACH OUR RESPONSIBILITY














## നന്ദിയോടെ........

ബ്ലൂടൂത്തുവഴി
സ്വപ്നങ്ങൾ കൈമാറുമ്പോൾ വൈറസുകൾ
അതിക്രമിച്ചു വരുന്നു ....
അതിനിടയിൽ നമ്മൾ
ജീവിതത്തിന്റെ പാസ്‌വേർഡുപോലും
മറന്നുപോകുന്നു
എങ്കിലും
ഇത് അവസാനമല്ല
ആവർത്തനവുമല്ല .....
തിരിഞ്ഞു നോക്കുമ്പോൾ
തെളിഞ്ഞു വരുന്ന
ഒരുപാട് ചിത്രങ്ങൾ ....
നന്ദിയും കടപ്പാടും ഒരുപാട് പേരോടാണ്

വഴികാട്ടിയവർ ...ഗുരുവര്യർ ...
താങ്ങും തണലുമേകിയ
കൂട്ടുകാർ .....
ഓരോ താളുകളിലും പ്രവർത്തിച്ച കൂട്ടായ്മയോട് .....
എഴുതിയാൽ തീരാത്ത കടപ്പാട്
മനസ്സിൽ സൂക്ഷിച്ചുകൊണ്ടു
ഒറ്റവാക്കിൽ ഒതുക്കിയ "നന്ദി "എന്ന
രണ്ടക്ഷരങ്ങൾക്കപ്പുറം
ഹൃദയത്തിന്റെ നേര്....

സ്നേഹത്തോടെ............



ആലിയാ നൗറീൻ

സ്റ്റുഡന്റ് എഡിറ്റർ

അറവുകാട് എച്ച് എസ് എസ് , പുന്നപ്ര പി ഒ , ആലപ്പുഴ-688004 PH : 04772287901



SCHOOL WIKI

SAMETHAM